**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2339** | **12.02.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |

**ജി.എസ്.ടി നിരക്കിലെ മാറ്റങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | ഓരോ ജി.എസ്.ടി. കൗൺസിലിന്റെയും ശുപാർശകൾ അനുസരിച്ചാണ് ജി.എസ്.ടി. യിൽ കാലാനുസൃതമായ ഭേദഗതികൾ കൊണ്ടുവരുന്നത്. |
| (ബി) | ജി.എസ്.ടി. നിരക്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ജി.എസ്.ടി. നിരക്കിൽ മാറ്റങ്ങൾ നിഷ്കർഷിക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശ പ്രകാരമാണ്. രാജ്യമൊട്ടാകെയുള്ള നികുതിപരിഷ്ക്കരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചാണ് ചരക്കുസേവന നികുതി കൗൺസിലിൽ തീരുമാനമെടുക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് മാത്രമായി തീരുമാനമെടുക്കുന്നതിന് അധികാരമില്ല. |
| (സി) | ഇത് വിലവർദ്ധനവിനും, വില വർദ്ധനവ് മൂലം ബുദ്ധിമുട്ടുന്ന സാധാരണക്കാരുടെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിക്കുന്നതിനും ഇടയാക്കില്ലേ; വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ പ്രധാനമായും ചരക്ക് സേവനങ്ങൾക്ക് 3%, 5%, 12%, 18%, 28% എന്നീ നികുതി നിരക്കുകളായിരുന്നു. പ്രസ്തുത നികുതി നിരക്കുകളിൽ നാളിതുവരെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. |
| (ഡി) | ജി.എസ്.ടി. സ്ലാബിൽ കൊണ്ടു വരുന്ന ഈ വർദ്ധനവിനെതിരെ സംസ്ഥാനം നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനം നടത്തുന്ന ലോട്ടറിക്കുണ്ടായിരുന്ന 12% നികുതിയും, അന്യ സംസ്ഥാന ലോട്ടറിക്ക് ബാധകമായിരുന്ന 28% നികുതിയും ഏപ്രിൽ 2020 മുതൽ ഏകീകരിച്ച് 28% ആക്കുന്നതിന് തീരുമാനിച്ചതൊഴികെ ജി.എസ്.ടി. സ്ലാബിൽ മറ്റ് നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ലോട്ടറിയുടെ നികുതി ഏകീകരണം സംസ്ഥാനം എതിർത്തെങ്കിലും വോട്ടിംഗ് പ്രക്രിയയിലൂടെ തീരുമാനം എടുക്കുകയായിരുന്നു. |

**സെക്ഷൻ ഓഫീസർ**